പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1334 — 07.06.2018 ൽ മറുപടിക്ക്

## നിലമ്പൂർ-നഞ്ചൻഗോഡ് റയിൽപ്പാത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിലമ്പൂർ-നഞ്ചൻഗോഡ് റയിൽപ്പാത പരിഗണനയിലുണ്ടോ; 2016-2017 - ലെ കേന്ദ്ര റയിൽവേ ബഡ്ജറ്റിൽ എക്സ്ട്രാ ബജറ്ററി റിസോഴ്സ് ഉപയോഗിച്ച് നിർമ്മിക്കേണ്ട പാതകളുടെ പട്ടികയിൽ നിലമ്പൂർ-നഞ്ചൻഗോഡ് പാതയും ഉൾപ്പെട്ടിട്ടുണ്ടോ; | (എ) | നിലമ്പൂർ - നഞ്ചൻഗോഡ് റെയിൽപാത പരിഗണനയിലുണ്ട്. 2016-2017 ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ എക്സ്ട്രാ ബജറ്ററി റിസോഴ്സ് ഉപയോഗിച്ച് നിർമ്മിക്കേണ്ട പാതകളുടെ പട്ടികയിൽ നിലമ്പൂർ - നഞ്ചൻഗോഡ് പാതയും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പാതയുടെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക എത്രയാണ്; ഈ തുകയിൽ കേന്ദ്രവും കേരളവും കർണ്ണാടകയും വഹിക്കേണ്ട ചെലവുകൾ എത്ര വീതമാണ്;<br>(സി) നിലമ്പൂർ- നഞ്ചൻഗോഡ് പാതക്ക് പൊതു കടമെടുപ്പിലൂടെ എത്രയെങ്കിലും തുക സമാഹരിക്കേണ്ടതുണ്ടോ; ഈ തുക ആരാണ് സമാഹരിക്കേണ്ടത്; ഇങ്ങനെ സമാഹരിക്കുന്ന തുക തിരിച്ചടക്കേണ്ടത് ആരാണ്; വിശദമാക്കാമോ;<br>(ഡി) നിലമ്പൂർ-നഞ്ചൻഗോഡ് റയിൽവേ പാതയുടെ ഫൈനൽ ലൊക്കേഷൻ സർവ്വേ നടത്തേണ്ടത് ആരുടെ ഉത്തരവാദിത്തമാണ്; സംയുക്ത സംരംഭമെന്ന നിലയ്ക്ക് സംസ്ഥാന സർക്കാർ മാത്രമാണോ ഈ പാതയുടെ സർവ്വേക്കായി പണം മുടക്കേണ്ടത്; | (ബി) യും (സി) യും (ഡി) യും | നിലമ്പൂർ-നഞ്ചൻഗോഡ് റയിൽവേ പാതയുടെ ഫൈനൽ ലൊക്കേഷൻ സർവ്വേ നടത്തേണ്ടത് സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡാണ്. പദ്ധതിയുടെ പ്രാരംഭ പഠനം തുടങ്ങാനിരിക്കുകയാണ്. 5500 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പാതയുടെ നിർമ്മാണത്തിന് ആവശ്യമായ തുക പൊതുകടമെടുപ്പ് മുഖേനയോ, കേന്ദ്രവും കേരളവും കർണാടകവും കൂടിയോ വഹിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. പഠന ശേഷമേ കൃത്യമായി പദ്ധതി ചെലവും, ആയതിലേക്ക് ആവശ്യമായ തുകയും എങ്ങനെ കണ്ടെത്താം എന്ന കാര്യത്തിൽ വ്യക്തതവരികയുള്ളൂ. |
| (ഇ) മറ്റൊരു സംസ്ഥാനത്തിൽ കൂടെ കടന്ന് പോകുന്ന റയിൽവേ പദ്ധതിയെന്ന നിലയ്ക്ക് സർവ്വേ നടത്തുന്നതിന് കർണ്ണാടക സംസ്ഥാനവും കേന്ദ്രവും അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | മറ്റൊരു സംസ്ഥാനത്തിലൂടെയും വനത്തിലൂടെയും കടന്ന് പോകുന്ന റെയിൽവേ പദ്ധതിയെന്ന നിലയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ് സ്റ്റാന്റിംഗ് കമ്മിറ്റി, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതിയും, ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രാഥമിക സർവ്വെ, വിശദമായ സർവ്വെ എന്നിവ നടത്തുന്നതിനുള്ള അനുമതിയ്ക്കായും കേന്ദ്ര, കർണ്ണാടക സർക്കാരുകൾക്ക് കത്തുകൾ നൽകിയിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല. |

SR[signature]

സെക്ഷൻ ഓഫീസർ